# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3084

20.06.2014 -ൽ മറുപടി നൽകേണ്ടത്

## നെടുമങ്ങാട് നഗരസഭയുടെ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | നെടുമങ്ങാട് നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നതതലയോഗം വിളിച്ചത് എന്നാണ് എന്നറിയിക്കുമോ ; | (എ) | 18-03-2013. |
| (ബി) | പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) | യോഗത്തിന്റെ തീരുമാനങ്ങൾ താഴെ പറയുന്നു.<br>• മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ 2013 ഡിസംബർ 31 -നകം പൂർത്തിയാകുമെന്നും ടി കാലയളവിനുള്ളിൽ ചെയ്യേണ്ട കാര്യങ്ങളുടെ time schedule fix ചെയ്ത് ബഹുമാനപ്പെട്ട മന്ത്രിയെ എം. എൽ. എ മുഖാന്തിരം അ റിയിക്കുന്നതിന് നിർദ്ദേശിച്ചു.<br>• നെടുമങ്ങാട് നഗരസഭയുടെ വികസനത്തിന് എന്ത് സഹായവും നൽകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകുകയുണ്ടായി.<br>• ഖര മാലിന്യ സംസ്കരണം, ഗ്യാസ് ക്രിമറ്റോറിയം എന്നിവയ്ക്ക് തുക അനുവദിക്കാമെന്ന് മന്ത്രി അറിയിച്ചു. ഖര മാലിന്യ സംസ്കരണത്തിന് അനുവദിച്ച 2.29 കോടി രൂപയിൽ 14 ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു എന്നും ആയത് ജനങ്ങളുടേയും ജനപ്രതിനിധികളുടേയും സഹായത്തോടെ ഖര മാലിന്യ സംസ്കരണം പ്രാവർത്തികമാക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട എം. എൽ. എ യും ആവശ്യപ്പെട്ടു. |

- നെടുമങ്ങാട് നഗരസഭയിൽ 10 കോടി രൂപയ്ക്ക് 7 മീറ്റർ വീതിയുള്ള നാലു റോഡുകളുടെ നിർമ്മാണത്തിന് ഡി. പി. ആർ തയ്യാറാക്കി ലോകബാങ്ക് സഹായത്തോടെ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. ഡി. പി. ആർ ഒരാഴ്ചയ്ക്കകം സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ചെയർപേഴ്സൺ ടി നിർദ്ദേശം അംഗീകരിച്ച് നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു.
- നഗരസഭ സ്ഥലം ഐഡന്റിഫൈ ചെയ്ത് പ്രോജക്റ്റുകൾ സമർപ്പിച്ചാൽ സർക്കാർ വേണ്ടുന്ന സഹായം നൽകുമെന്ന് മന്ത്രി ഉറപ്പ് നൽകി.

| | | | |
|---|---|---|---|
| (സി) | അതിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് നഗരസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) | ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ നടപടികൾ നടന്നുവരികയാണ്. |
| (ഡി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ; | (ഡി) | 30-08-2014 - നകം നഗരസഭയ്ക്ക് സമർപ്പിക്കത്തക്ക വിധമാണ് മുഖ്യനഗരാസൂത്രകൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത്. |
| (ഇ) | മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാന പ്രകാരം എത്ര റോഡുകളുടെ വികസനത്തിന് ഡി.പി.ആർ തയ്യാറാക്കി കെ.എസ്.യു.ഡി.പി. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് ; | (ഇ) | 4 റോഡുകളുടെ ഡി. പി. ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) | ഇതിന് എന്ത് തുകയാണ് എസ്റ്റിമേറ്റിൽ ഉള്ളത് ; എന്നാണ് ഡി.പി.ആർ സമർപ്പിച്ചത് ; | (എഫ്) | 10 കോടി രൂപ, 26-03-2013 |
| (ജി) | ഈ റോഡുകളുടെ വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ജി) | പരിശോധിക്കുന്നതാണ്. |
| (എച്ച്) | നെടുമങ്ങാട് നഗരസഭയുടെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എച്ച്) | അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ